"ഭരണഭാഷ-മാതൃഭാഷ"


കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in


തീയതി : 24-11-2023

സർക്കുലർ നം 43

# സർക്കുലർ

ജയിലാസ്ഥാനകാര്യാലയത്തിലെ ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമായി പാലിക്കേണ്ടതാണ്.

1. ജയിലാസ്ഥാനകാര്യാലയത്തിലെ ജീവനക്കാർ പരിവർത്തിതാവധി, ആർജ്ജിതാവധി എന്നീ അവധികളിൽ പ്രവേശിക്കുന്നതിനുമുമ്പ് പിഎ ടു ഡിജിപി മുഖാന്തിരം ജയിലാസ്ഥാനകാര്യാലയം ഡിഐജിയുടെ അനുമതിയോടുകൂടി മാത്രമേ അവധിയിൽ പ്രവേശിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു (അടിയന്തിരഘട്ടങ്ങളിൽ ഒഴികെ).
2. എല്ലാ സെക്ഷൻ സൂപ്രണ്ടുമാരും അതാത് സെക്ഷനിലെ ജീവക്കാരുടെ ലീവ് ക്യാരി ഓവർ ചെയ്ത് സമർപ്പിക്കേണ്ടതാണ്.
3. കാഷ്വൽ ലീവിൽ പ്രവേശിക്കുന്നവർ പിഎ ടു ഡിജിപിയുടെ അനുമതിയോടുകൂടി മാത്രമേ അവധിയിൽ പ്രവേശിക്കാവൂ (അടിയന്തിരഘട്ടങ്ങളിൽ ഫോൺ മുഖേന ബന്ധപെട്ട സെക്ഷൻ സുപ്രണ്ട് മാരെ അറിയിയ്ക്കേണ്ടതും സുപ്രണ്ടുമാർ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.)
4. മൂന്ന് Late Permission ഒരു കാഷ്വൽ ലീവായി പരിഗണിക്കുന്നതാണ്.
5. ഓഫീസ് സമയത്ത് പുറത്ത് പോകുന്നവർ പി.എ ടു ഡിജിപിയുടെ അനുമതി വാങ്ങിയതിനുശേഷം മാത്രമേ പുറത്തു പോകാൻ പാടുള്ളൂ. പി.എ ടു ഡിജിപി ഇല്ലാത്ത അവസരങ്ങളിൽ സെക്ഷൻ സൂപ്രണ്ടുമാരുടെ അനുമതി വാങ്ങേണ്ടതാണ്.
6, എല്ലാ സെക്ഷൻ സുപ്രണ്ടുമാരും ജീവനക്കാരുടെ ലീവ്,പെർമിഷൻ എന്നിവ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തി മാത്രമേ പി എ ടു ഡി ജിപി /ഡി ഐ ജി യ്ക്ക് നൽകാവൂ.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

E1-36013/2023/PrHQ

078804

സ്വീകർത്താവ്:  ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും